**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 504** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ഭക്ഷണ വിതരണ പ്ലാറ്റ്ഫോമുകൾ ജി.എസ്.ടി. പരിധിയിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഓൺലൈൻ ഭക്ഷണ വിതരണ പ്ലാറ്റ്ഫോമുകളെ ജി.എസ്.ടി.പരിധിയിൽ കൊണ്ടുവരാനുള്ള 45-ാമതു ജി.എസ്.ടി. കൗൺസിൽ തീരുമാനം (പാകം ചെയ്ത ഭക്ഷണത്തിന് നികുതി വകുപ്പ് 5% നികുതി ചുമത്തി വരുന്ന പശ്ചാത്തലത്തിൽ) ഉപഭോക്താക്കളെ എത്തരത്തിൽ ബാധിയ്ക്കുമെന്നത് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | നികുതി നിരക്കിൽ മാറ്റമൊന്നും വരാത്തതിനാൽ ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുകയില്ല. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ നടത്തുന്ന ഭക്ഷണ വിതരണത്തിന് നികുതി അടയ്ക്കേണ്ട ബാധ്യത ഹോട്ടലുകളിൽ നിന്നും മാറി ഓൺലൈൻ പ്ലാറ്റ്ഫോമുകൾക്ക് ആവും. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ അല്ലാതെയുള്ള വിതരണത്തിന് മാത്രം ഹോട്ടലുകൾ നികുതി അടച്ചാൽ മതിയാവും. ജി.എസ്.ടി യിലെ നികുതി വെട്ടിപ്പ് പ്രവണത കൂടുതലായി കാണപ്പെടുന്ന ഒരു മേഖലയാണ് ഹോട്ടൽ മേഖല. നിലവിൽ ഇൻപുട്ട് ടാക്സ് ഇല്ലാതെ 5% നികുതിയാണ് പ്രധാനമായും ചെറുകിട ഹോട്ടൽ മേഖലയിൽ ബാധകമാകുന്നത്. ഹോട്ടൽ മേഖല സർവീസിന്റെ പരിധിയിൽ വരുന്നതിനാൽ വിറ്റുവരവ് പരിധി 20 ലക്ഷത്തിന് മുകളിൽ വരുന്ന സ്ഥാപനങ്ങൾ ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. എന്നാൽ വിറ്റുവരവ് പരിധി 20 ലക്ഷത്തിന് മുകളിൽ വന്നിട്ടും രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്ന ധാരാളം ഹോട്ടലുകൾ ഉള്ളതായി എൻഫോഴ്സ്മെന്റ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ ഉള്ള ഹോട്ടലുകളിൽ നിന്നുള്ള കൈമാറ്റങ്ങൾക്ക് നിലവിൽ 1% ടി.സി.എസ് ഓൺലൈൻ ഭക്ഷണ വിതരണ പ്ലാറ്റ്ഫോമുകൾ പിടിച്ച് സർക്കാരിലേക്ക് അടയ്ക്കുന്നുണ്ട്. ഇതിന് ഓൺലൈൻ പ്ലാറ്റ്ഫോമുകൾ റിട്ടേൺ ഫയൽ ചെയ്യുന്ന മുറയ്ക്ക് ഹോട്ടലുകൾക്ക് ക്രെഡിറ്റ് ലഭ്യമാകും. 20 ലക്ഷത്തിന് താഴെ വിറ്റുവരവുള്ള ഹോട്ടലുകളിൽ നിന്നുള്ള ഭക്ഷണത്തിന് ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ടാക്സ് അടയ്ക്കേണ്ടിവരും എന്നതല്ലാതെ മറ്റു ഹോട്ടലുകളിൽ നിന്നുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി നടത്തുന്ന വില്പനയ്ക്ക് പൂർണമായും നികുതി ലഭിക്കുന്നു എന്ന മെച്ചം ഈ സംവിധാനത്തിന് ഉണ്ടാകും എന്ന് |

| | | | |
|---|---|---|---|
| | | | പ്രതീക്ഷിക്കുന്നു. ഇതുമൂലം ഇപ്പോഴുള്ളത് കൂടാതെയുള്ള അധിക നികുതി ബാധ്യത ഉപഭോക്താവിന് ഉണ്ടാകുന്നില്ല. രജിസ്ട്രേഷൻ എടുക്കാതെ വൻതോതിൽ ബിസിനസ് നടത്തുന്ന ഹോട്ടലുകളെ ജി.എസ്.ടി യുടെ പരിധിയിൽ കൊണ്ടുവരുന്നതിനും ഇത് സഹായകമാകും എന്ന് കരുതുന്നു. ഇത് സംബന്ധിച്ച വിജ്ഞാപനങ്ങൾ ഒന്നും ഇതുവരെ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത മേഖലയിൽ ജി.എസ്.ടി. നടപ്പാക്കിയാൽ നികുതി വകുപ്പ് നികുതി ചുമത്തുന്നത് നിർത്തലാക്കുമോ; എങ്കിൽ ആയത് സംസ്ഥാനത്തെ നികുതി പിരിവിനെ എത്തരത്തിൽ ബാധിയ്ക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) | ഇല്ല. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ നടത്തുന്ന ഭക്ഷണ വിതരണത്തിന് നികുതി അടയ്ക്കേണ്ട ബാധ്യത ഹോട്ടലുകളിൽ നിന്നും മാറി ഓൺലൈൻ പ്ലാറ്റ്ഫോമുകൾക്ക് ആവും. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ അല്ലാതെയുള്ള വിതരണത്തിന് ഹോട്ടലുകൾക്ക് നികുതി അടച്ചാൽ മതിയാവും. കൂടുതൽ വിവരങ്ങൾ വിജ്ഞാപനം ഇറങ്ങുന്ന മുറയ്ക്ക് മാത്രമേ വ്യക്തമാക്കാൻ കഴിയുകയുള്ളൂ. |
| (സി) | പ്രസ്തുത മേഖലയിൽ ഉപഭോക്താവിൽ നിന്നും നികുതി വസൂലാക്കുകയും യഥാസമയം നികുതി വകുപ്പിന് നല്കാതിരിയ്ക്കുന്നതുമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടികളും സ്വീകരിച്ചു വരുന്നു. നിലവിൽ കോമ്പോസിഷൻ സ്കീം സ്വീകരിച്ചിട്ടുള്ള ഹോട്ടലുകൾക്ക് ഉപഭോക്താക്കളിൽ നിന്നും നികുതി ഈടാക്കുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ